Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 18.2.2017

# പിഒസി കേരളസഭയുടെ കൂട്ടായ്മയുടെ സാക്ഷ്യം: കർദിനാൾ മാർ ആലഞ്ചേരി

*** പിഒസി സുവർണജൂബിലി ആഘോഷങ്ങൾക്കു തുടക്കം**

കൊച്ചി: കേരളസഭയുടെ കൂട്ടായ്മയുടെയും സാംസ്കാരിക പരിപോഷണത്തിന്റെയും സാക്ഷ്യമാണു പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററെന്നു (പിഒസി) സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പിഒസിയുടെ സുവർണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
ഭാരതസഭയിൽ കേരളത്തിലെ സഭയുടെ നേതൃത്വപരമായ സ്ഥാനത്തിനു പിഒസി വലിയ പങ്കുവഹിക്കുന്നുണ്ട്. അമ്പതു വർഷക്കാലം സഭയെയും സമൂഹത്തെയും ഐക്യപ്പെടുത്തുന്ന കേന്ദ്രമായി മാറുന്നതിനുള്ള നിയോഗം ഫലപ്രദമായി നിർവഹിക്കുകയായിരുന്നു പിഒസി. പ്രഥമ ഡയറക്ടർ റവ. ഡോ. ജോസഫ് കണ്ണത്ത് ഉൾപ്പടെ നാളിതുവരെ ഇവിടെ സേവനം ചെയ്ത വൈദികരെയും മറ്റുള്ളവരെയും നന്ദിയോടെ സ്മരിക്കേണ്ട അവസരമാണു ജൂബിലി ആഘോഷം. ഏവർക്കും കുടുംബാനുഭവത്തിന്റെ നന്മ അനുഭവിക്കാൻ പിഒസിയിലൂടെ സാധിക്കുന്നു. ബൈബിൾ പ്രേഷിതരംഗത്തു പിഒസി നിർവഹിച്ച ശുശ്രൂഷകൾ അവിസ്മരണീയമാണ്. മുൻകാലങ്ങളിൽ പിഒസി കേന്ദ്രമായി നടന്ന സാഹിത്യ ശില്പശാലകൾ, ശിബിരങ്ങൾ എന്നിവയിലൂടെ ക്രൈസ്തവ എഴുത്തുകാർക്കു വലിയ തോതിൽ പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. കല, സാഹിത്യ, സാംസ്കാരിക രംഗങ്ങളിൽ കേരളസഭയുടെ ക്രൈസ്തവ സാക്ഷ്യം കൂടുതൽ ശക്തമാകേണ്ടത് ആവശ്യമാണെന്നും കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു.

കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം അധ്യക്ഷത വഹിച്ചു. സ്നേഹത്തിനു സാക്ഷ്യം നൽകാനുള്ള സഭയുടെ നിയോഗം നിർവഹിക്കാനുള്ള മഹത്തായ വേദിയാണു പിഒസിയെന്ന് അദ്ദേഹം പറഞ്ഞു. സുപ്രീംകോടതി ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. കേരളസഭയ്ക്കെന്നപോലെ പൊതുസമൂഹത്തിനും ദിശാബോധം നൽകുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുള്ള പിഒസി, മാറിയ കാലഘട്ടത്തിന്റെ സവിശേഷതകൾക്കനുസരിച്ച് അതിന്റെ ധർമം ഫലപ്രദമായി നിർവഹിക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പിഒസി സ്ഥാപകനും ആദ്യ ഡയറക്ടറുമായിരുന്ന റവ. ഡോ. ജോസഫ് കണ്ണത്തിനു കെസിബിസിയുടെ പ്രഥമ കേരള സഭാരത്നം പുരസ്കാരം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമർപ്പിച്ചു. മുൻ ഡയറക്ടർമാർ, പിഒസിയുടെ വളർച്ചയിൽ പങ്കുവഹിച്ച വിവിധ വ്യക്തികൾ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

കെസിബിസി സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, വൈസ് പ്രസിഡന്റ് ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം, ബിഷപ് ഡോ. ജോസഫ് കരിയിൽ, പി.ടി. തോമസ് എംഎൽഎ, കോർപറേഷൻ കൗൺസിലർ ഡി. വൽസലകുമാരി. പിഒസി ഡയറക്ടർ റവ.ഡോ. വർഗീസ് വള്ളിക്കാട്ട്, സിസിഐ വൈസ് പ്രസിഡന്റ് ഡോ. മേരി റെജീന, കെസിസി സെക്രട്ടറി വി.സി. ജോർജ്കുട്ടി എന്നിവർ പ്രസംഗിച്ചു.

നേരത്തെ ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കലിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. ആർച്ച്ബിഷപ് ഡോ.എം. സൂസപാക്യം, ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ, കെസിബിസിയുടെ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്ന അമ്പതു വൈദികർ എന്നിവർ സഹകാർമികരായിരുന്നു. മുൻ ഡയറക്ടർ റവ.ഡോ. സക്കറിയാസ് പറനിലം വചനസന്ദേശം നൽകി. പൂർവ വിദ്യാർഥി സംഗമത്തിൽ, പിഒസി ഇന്നലെ ഇന്ന് നാളെ എന്ന വിഷയത്തിൽ ചർച്ചയുണ്ടായിരുന്നു. ധരണി സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ് അവതരിപ്പിച്ച നൃത്തശില്പത്തോടെയാണു ജൂബിലി വർഷ ഉദ്ഘാടന പരിപാടികൾ സമാപിച്ചത്.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്,
കെ.സി.ബി.സി/ഡയറക്ടർ, പി.ഒ.സി

(പടം... പിഒസി...
കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പിഒസിയുടെ സുവർണജൂബിലി ആഘോഷങ്ങൾ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. ഡോ. മേരി റെജീന, റവ.ഡോ. വർഗീസ് വള്ളിക്കാട്ട്, പി.ടി. തോമസ് എംഎൽഎ, ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് ഡോ.എം. സൂസപാക്യം, റവ.ഡോ. ജോസഫ് കണ്ണത്ത്, ജസ്റ്റീസ് കുര്യൻ ജോസഫ്, ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം, ബിഷപ് ഡോ. ജോസഫ് കരിയിൽ, വി.സി. ജോർജ്കുട്ടി, ഡി. വൽസലകുമാരി. ഫാ. മാത്യു ജേക്കബ് തിരുവാലിൽ എന്നിവർ സമീപം.